©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram<br>Wednesday<br>തിരുവനന്തപുരം,<br>ബുധൻ | 24th April 2013<br>2013 ഏപ്രിൽ 24<br>4th Vaisakha 1935<br>1935 വൈശാഖം 4 | No.<br>നമ്പർ | 1142 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എഫ്) വകുപ്പ്

### വിജ്ഞാപനം

നമ്പർ 22812/ലെഗ്.എഫ്.1/2011/നിയമം. *തിരുവനന്തപുരം, 2013 ഏപ്രിൽ 24. 1935 വൈശാഖം 4.*

കേരള നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 ഏപ്രിൽ 22-ാം തീയതി കേരള ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1909/2013/DTP.

## 2013-ലെ 18-ാം ആക്ട്

# 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട്

## കേരള സംസ്ഥാനത്ത് ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും അതുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും സ്ഥാപിക്കലും പരിപാലനവും സുരക്ഷിതമായ പ്രവർത്തനവും ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ട്

പീഠിക.—കേരള സംസ്ഥാനത്ത് ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും അതുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും സ്ഥാപനം, പരിപാലനം, സുരക്ഷിതമായ പ്രവർത്തനം എന്നിവ ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2\. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''എസ്കലേറ്റർ'' എന്നാൽ യാത്രക്കാരെ മുകളിലേക്കും താഴേക്കും ചരിഞ്ഞ ദിശയിൽ ചെറിയ ദൂരത്തേക്ക് വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കുന്ന, ഊർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന, തുടർച്ചയായി ചലിച്ചുകൊണ്ടിരിക്കുന്ന ഒരു കോണിപ്പടി എന്നർത്ഥമാകുന്നതും അതിൽ ഒരു ട്രാവലേറ്റർ ഉൾപ്പെടുന്നതുമാകുന്നു;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ''ഊർജ്ജം'' എന്നാൽ വൈദ്യുത ഊർജ്ജം അല്ലെങ്കിൽ മനുഷ്യന്റെയോ മൃഗത്തിന്റെയോ ശക്തിയാൽ ഉൽപ്പാദിപ്പിക്കപ്പെടാത്തതും യാന്ത്രികമായി പ്രസരിക്കുന്ന മറ്റേതെങ്കിലും രൂപത്തിലുള്ളതുമായ ഊർജ്ജം എന്നർത്ഥമാകുന്നു.

(ബി) "എസ്കലേറ്റർ ഇൻസ്റ്റലേഷൻ" എന്നതിൽ എസ്കലേറ്റർ, ട്രാക്ക്, പ്രധാനപ്പെട്ട താങ്ങ്, അഴിത്തുൺ നിര, നടക്കാനുള്ള പടികളും നിലത്തിറങ്ങാനുള്ള ഭാഗവും, എസ്കലേറ്ററിന്റെ പ്രവർത്തനവുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള എല്ലാ ചങ്ങലകൾ, കമ്പികൾ, യന്ത്രസംവിധാനം എന്നിവയും ഉൾപ്പെടുന്നതാണ്;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഇൻസ്പെക്ടർ" എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്)-ലെ 162-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള, ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ സ്ഥലത്ത് പ്രാദേശിക അധികാരിതയുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(ഇ) "ലൈസൻസ്" എന്നാൽ 4-ാം വകുപ്പിൻകീഴിൽ നൽകപ്പെട്ട ലൈസൻസ് എന്നർത്ഥമാകുന്നു;

(എഫ്) "ലിഫ്റ്റ്" എന്നാൽ ഊർജ്ജംകൊണ്ട് പ്രവർത്തിക്കുന്നതും ലംബദിശയിൽ ചലിക്കുന്ന ഒരു കാറോടുകൂടിയതും യാത്രക്കാരെയോ ചരക്കുകളെയോ അല്ലെങ്കിൽ രണ്ടുംകൂടിയോ വഹിച്ചുകൊണ്ടുപോകാൻ രൂപകല്പന ചെയ്തതുമായ ഒരു ഉയർത്തുയന്ത്രസംവിധാനം എന്നർത്ഥമാകുന്നതും, എന്നാൽ 1948-ലെ ഫാക്ടറീസ് ആക്റ്റ് (1948-ലെ LXIII-ാം കേന്ദ്ര ആക്റ്റ്) ബാധകമാകുന്ന ഉയർത്താനുള്ള ഉപകരണമോ ലിഫ്റ്റോ ഉൾപ്പെടാത്തതുമാകുന്നു;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, "ഊർജ്ജം" എന്നാൽ വൈദ്യുത ഊർജ്ജം അല്ലെങ്കിൽ മനുഷ്യന്റെയോ മൃഗത്തിന്റെയോ ശക്തിയാൽ ഉൽപ്പാദിപ്പിക്കപ്പെടാത്തതും യാന്ത്രികമായി പ്രസരിക്കുന്ന മറ്റേതെങ്കിലും രൂപത്തിലുള്ളതുമായ ഊർജ്ജം എന്നർത്ഥമാകുന്നു.

(ജി) "ലിഫ്റ്റ് കാർ" എന്നാൽ ഒരു ലിഫ്റ്റിന്റെ കാർ അല്ലെങ്കിൽ കൂട് എന്നർത്ഥമാകുന്നതും അതിൽ തറ അല്ലെങ്കിൽ പ്ലാറ്റ്ഫോം, കാർ ഫ്രെയിം സ്ലിംഗും അതിനെ പൊതിയുന്ന ചട്ടക്കൂടും ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "ലിഫ്റ്റ് ഇൻസ്റ്റലേഷൻ" എന്നതിൽ ലിഫ്റ്റ് കാർ, ലിഫ്റ്റിന്റെ പാത, ലിഫ്റ്റിന്റെ പാതയുടെ ആവരണവും ലിഫ്റ്റിന്റെ പ്രവർത്തനഘടനയും ലിഫ്റ്റിന്റെ പ്രവർത്തനവുമായി നേരിട്ടു ബന്ധമുള്ള എല്ലാ കയറുകളും കേബിളുകളും കമ്പികളും യന്ത്രസംവിധാനവും ഉൾപ്പെടുന്നതാകുന്നു;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(കെ) "ഉടമസ്ഥൻ" എന്നതിൽ,—

(i) ഒരു പാട്ടക്കാരനും;

(ii) ഒരു ലൈസൻസിയും;

(iii) ഒരു ഒറ്റി കൈവശക്കാരനും;

(iv) ഒരു മാനേജിംഗ് ട്രസ്റ്റി, ഒരു ഏജന്റ്, ഒരു കറസ്പോണ്ടന്റ്, മാനേജർ, സുപ്രണ്ട്, സെക്രട്ടറി അല്ലെങ്കിൽ മറ്റേതെങ്കിലും പേരിൽ വിളിക്കപ്പെടുന്ന, ഒരു ലിഫ്റ്റ് സ്ഥാപിച്ചിട്ടുള്ളതും ജോലി ഏല്പിച്ചിട്ടുള്ളതുമായ പ്രദേശത്തെ കാര്യങ്ങളുടെ നിയന്ത്രണവും കൈവശാവകാശവുമുള്ളതുമായ ഏതെങ്കിലും വ്യക്തി അഥവാ അധികാരസ്ഥാനവും

ഉൾപ്പെടുന്നതാണ്.

3. <u>ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള അനുമതി.</u>— (1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അതിനുശേഷവും ഒരു സ്ഥലത്തിന്റെ ഉടമസ്ഥൻ ഈ ആക്റ്റിൻകീഴിലോ അതനുസരിച്ചോ നല്കിയ ഒരു അനുമതി കൂടാതെ അങ്ങനെയുള്ള സ്ഥലത്ത് ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(2) ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള ഫോറത്തിൽ അങ്ങനെയുള്ള വിവരങ്ങൾ വ്യക്തമാക്കി അങ്ങനെയുള്ള ഫീസോടുകൂടി ഇൻസ്പെക്ടർക്ക് നല്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിനുകീഴിലുള്ള ഒരു അപേക്ഷ ലഭിച്ചാൽ, ഇൻസ്പെക്ടർക്ക്, അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന അപ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്. നൽകുന്ന എല്ലാ അനുമതികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കേണ്ടതും അത് അനുവദിച്ച തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് സാധുവായിരിക്കുന്നതുമാണ്:

എന്നാൽ, നിശ്ചിത കാലാവധിക്കുള്ളിൽ ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കാത്തപക്ഷം, ന്യായമായ കാരണങ്ങൾ ബോധിപ്പിച്ചുകൊണ്ടുള്ള ഒരു അപേക്ഷയിന്മേൽ ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുന്നതിനുള്ള അനുമതിയുടെ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിനുകീഴിൽ അനുമതി ലഭിച്ച എല്ലാ സ്ഥല ഉടമസ്ഥരും, അത്തരം ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ സ്ഥാപിക്കൽ പൂർത്തിയായശേഷം ഒരു മാസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഒരു പൂർത്തീകരണ റിപ്പോർട്ട് ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട അനുമതി ഇൻസ്പെക്ടർ നിരസിക്കുകയാണെങ്കിൽ, അങ്ങനെ നിരസിക്കലിനുള്ള കാരണങ്ങൾ അദ്ദേഹം രേഖാമൂലം നല്കേണ്ടതാണ്.

4. ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ്.— (1) യാതൊരു സ്ഥല ഉടമസ്ഥനും ഒരു ലൈസൻസിൻകീഴിലോ അതനുസരിച്ചോ അല്ലാതെ അങ്ങനെയുള്ള സ്ഥലത്ത് ഏതെങ്കിലും ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുകയോ പ്രവർത്തിപ്പിക്കുന്നതിന് കാരണമാവുകയോ പ്രവർത്തിപ്പിക്കുന്നതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിനുകീഴിലുള്ള ഒരു ലൈസൻസിനു വേണ്ടിയുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടുംകൂടി ഇൻസ്പെക്ടർക്ക് നല്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഒരു അപേക്ഷ ലഭിച്ചാൽ, ഇൻസ്പെക്ടർക്ക്, അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന അങ്ങനെയുള്ള പരിശോധനയും അന്വേഷണവും നടത്തിയതിനുശേഷം, ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെട്ട എല്ലാ ലൈസൻസും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കേണ്ടതുമാണ്.

(5) (3)-ാം ഉപവകുപ്പിനുകീഴിൽ നല്കപ്പെട്ട എല്ലാ ലൈസൻസും അത് നല്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് സാധുവായിരിക്കുന്നതും പരിശോധനയ്ക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയതിനു ശേഷം വർഷാവർഷം പുതുക്കേണ്ടതുമാണ്.

(6) (3)-ാം ഉപവകുപ്പ് പ്രകാരം ലൈസൻസ് നൽകുന്നത് ഇൻസ്പെക്ടർ നിരസിക്കുകയാണെങ്കിൽ അദ്ദേഹം അത്തരം നിരസിക്കലിനുള്ള കാരണങ്ങൾ രേഖാമൂലം നല്കേണ്ടതാണ്.

5. നിലവിലുള്ള ലിഫ്റ്റുകളേയും എസ്കലേറ്ററുകളേയും സംബന്ധിച്ച വ്യവസ്ഥ.— (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചിട്ടുള്ളതോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതോ ആയ എല്ലാ സ്ഥലങ്ങളിലേയും ഉടമസ്ഥർക്ക് അങ്ങനെയുള്ള സ്ഥലത്ത് അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിനുകീഴിൽ ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരുന്നതിന് അവകാശമുള്ള ഏതൊരാളും, അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ സംബന്ധിച്ച് 4-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് അദ്ദേഹം നേടാത്തപക്ഷം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുശേഷം അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ലൈസൻസിനുവേണ്ടിയുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടുംകൂടി ആയിരിക്കേണ്ടതാണ്.

6. <u>പുതുക്കൽ.</u>— (1) ഈ ആക്റ്റ് പ്രകാരം നല്കപ്പെട്ട ലൈസൻസ് പുതുക്കുന്നതിനുവേണ്ടിയുള്ള ഏതൊരു അപേക്ഷയും അങ്ങനെയുള്ള ലൈസൻസിന്റെ കാലാവധി തീരുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുമ്പ് നല്കേണ്ടതാണ്.

(2) 4-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ഈ ആക്റ്റിലെ വ്യവസ്ഥകൾ, കഴിയുന്നിടത്തോളം ഒരു ലൈസൻസ് പുതുക്കുന്നതിനും ബാധകമാവുന്നതാണ്.

7. <u>ലൈസൻസ് റദ്ദാക്കുന്നതിനോ സസ്പെൻഡ് ചെയ്യുന്നതിനോ ഉള്ള അധികാരം.</u>— (1) ഇൻസ്പെക്ടർക്ക്,—

(i) തെറ്റിദ്ധരിപ്പിച്ചോ കബളിപ്പിച്ചോ ആണ് ലൈസൻസ് നേടിയതെന്നോ; അഥവാ

(ii) ലൈസൻസി ഈ ആക്റ്റിന്റേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ അല്ലെങ്കിൽ ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളും നിബന്ധനകളും ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്തെന്നോ; അഥവാ

(iii) ഈ ആക്റ്റിൻകീഴിൽ പാസ്സാക്കിയ ഒരു ഉത്തരവോ ചട്ടങ്ങളോ പാലിക്കാൻ ലൈസൻസി വീഴ്ച വരുത്തുകയോ ലംഘിക്കുകയോ ചെയ്തെന്നോ; അഥവാ

(iv) ലൈസൻസ് നൽകിയ ആവശ്യത്തിലേക്കായി അതതു സംഗതിപോലെ, ലിഫ്റ്റിനോ എസ്കലേറ്ററിനോ, സുരക്ഷിതമായി തുടർന്നു പ്രവർത്തിക്കുവാൻ കഴിയില്ലെന്നോ;

ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്നപക്ഷം, ലൈസൻസ് കൈവശമുള്ള ഒരാൾക്ക് അയാൾ പറയുന്നതു കേൾക്കാനുള്ള ഒരു അവസരം നൽകിയശേഷം, ലൈസൻസ് റദ്ദ് ചെയ്യുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രകാരം നൽകിയ ഏതെങ്കിലും ലൈസൻസ് റദ്ദു ചെയ്യപ്പെടേണ്ടതാണെന്നോ റദ്ദു ചെയ്യേണ്ടതായിട്ടുള്ള ലൈസൻസ് നിലവിലുണ്ടെന്നോ ഇൻസ്പെക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അതിനുള്ള കാരണം രേഖപ്പെടുത്തി ഏത് ലൈസൻസും സസ്പെൻഡ് ചെയ്യാവുന്നതാണ്:

(2) ഇൻസ്പെക്ടർക്ക്,—

(i) രേഖയിൽ പ്രത്യക്ഷത്തിൽ കാണുന്ന ഒരു തെറ്റിന്റെയോ പിശകിന്റെയോ അടിസ്ഥാനത്തിലോ; അല്ലെങ്കിൽ

(ii) ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്ന ഏതെങ്കിലും പുതിയ വസ്തുതകളുടെ അടിസ്ഥാനത്തിലോ; അല്ലെങ്കിൽ

(iii) മറ്റേതെങ്കിലും മതിയായ കാരണങ്ങളാലോ;

(1)-ാം ഉപവകുപ്പിൻകീഴിൽ പാസ്സാക്കിയ ഏതൊരു ഉത്തരവിനെയും സ്വമേധയായോ ഒരു അപേക്ഷയിൻമേലോ പുനഃപരിശോധിക്കാവുന്നതാണ്:

എന്നാൽ ഏതെങ്കിലും വ്യക്തിക്ക് ദോഷകരമായ ഒരു ഉത്തരവ് അദ്ദേഹത്തിന്റെ ഭാഗം കേൾക്കാനുള്ള ന്യായമായ ഒരു അവസരം നൽകാതെ ഈ ഉപവകുപ്പിൻകീഴിൽ ഇൻസ്പെക്ടർ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

8. ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷനിൽ കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും.—10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ചെയ്യേണ്ടതല്ലാതെ, ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ഇല്ലാതെ ഏതെങ്കിലും ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷനിൽ യാതൊരു കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ ചെയ്യാൻ പാടുള്ളതല്ല.

9. ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കൽ കൂട്ടിച്ചേർക്കൽ അഥവാ മാറ്റം വരുത്തൽ ജോലി, ക്ഷമതയുള്ള ആളുകളെ ഏൽപ്പിക്കേണ്ടതാണെന്ന്.—ഒരു ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ നടത്തുന്ന യാതൊരു ഉടമസ്ഥനും ആ ജോലി അത്തരം ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ നിർമ്മാതാക്കളെയോ ഇൻസ്പെക്ടർ അംഗീകരിച്ച ഇലക്ട്രിക്കലും മെക്കാനിക്കലും എൻജിനീയർമാരെ അല്ലാതെ യാതൊരാളെയും ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

10. പ്രവേശിക്കാനുള്ള അധികാരം.—(1) ഇൻസ്പെക്ടർക്കും അദ്ദേഹത്തെ സഹായിക്കാൻ വേണ്ടി 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച ഏതൊരാൾക്കും ഉടമസ്ഥന് യുക്തമായ നോട്ടീസ് നൽകിയശേഷം ഏതു സമയത്തും ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചതോ പ്രവർത്തിക്കുന്നതോ അതുമായി ബന്ധപ്പെട്ട് 4-ാം വകുപ്പ് പ്രകാരം ഒരു ലൈസൻസിനോ 3-ാം വകുപ്പ് പ്രകാരം അനുമതിക്കോ അപേക്ഷ ലഭിച്ചതുമായതോ ആയ ഏതു സ്ഥലത്തും, ആ സ്ഥലമോ ലിഫ്റ്റോ

എസ്കലേറ്ററോ ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ, അതതുസംഗതിപോലെ, പരിശോധിക്കുന്ന ആവശ്യത്തിലേക്കായി പ്രവേശിക്കാവുന്നതാണ്. ഇൻസ്പെക്ടറെ സഹായിക്കാൻ 14-ാം വകുപ്പ് പ്രകാരം നിയമിക്കുന്ന വ്യക്തി അത്തരത്തിലുള്ള പരിശോധന നടത്തിയ ശേഷം പരിശോധിച്ച ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷന്റെ സ്ഥിതിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് ഈ ആക്റ്റിൻകീഴിൽ നടപടിയെടുക്കുന്നതിനായി ഇൻസ്പെക്ടർക്ക് നൽകേണ്ടതാണ്.

(2) അപ്രകാരമുള്ള പരിശോധനയിൽ ഏതെങ്കിലും സ്ഥലത്തെ ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷൻ സുരക്ഷിതമല്ലാത്ത സ്ഥിതിയിലാണെന്ന് ഇൻസ്പെക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന് രേഖാമൂലമുള്ള ഉത്തരവിലൂടെ ആ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ അത്തരം ലിഫ്റ്റിലോ എസ്കലേറ്ററിലോ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നാവുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികളോ മാറ്റം വരുത്തലുകളോ ചെയ്യുന്നതിന് ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആവശ്യമെങ്കിൽ ആ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളപോലെ അത്തരത്തിലുള്ള അറ്റകുറ്റപ്പണികളോ മാറ്റം വരുത്തലോ ചെയ്യുന്നതുവരെ അത്തരത്തിലുള്ള ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശം നൽകാവുന്നതാണ്. അതിനുശേഷം അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഉടമസ്ഥൻ അങ്ങനെയുള്ള ഏതൊരു നിർദ്ദേശവും പാലിക്കേണ്ടതും ഉടൻതന്നെ അങ്ങനെയുള്ള നിർദ്ദേശം അദ്ദേഹം പാലിച്ചതായുള്ള റിപ്പോർട്ട് ഇൻസ്പെക്ടർക്ക് രേഖാമൂലം നൽകേണ്ടതുമാണ്.

11. അപ്പീൽ.—(1) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻ കീഴിൽ ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുന്നതിനുള്ള അനുമതി നിരസിക്കുകയോ 4-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻ കീഴിൽ ലൈസൻസിനുള്ള അപേക്ഷ നിരസിക്കുകയോ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് നൽകുകയോ ചെയ്യുന്നപക്ഷം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന അപ്പീൽ അധികാരസ്ഥാനത്തിന് മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും സമയത്തിനുള്ളിലും അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള ഏതൊരു നിർദ്ദേശവും അത്തരം നിർദ്ദേശം അപ്പീൽ അധികാരസ്ഥാനം സ്റ്റേ ചെയ്യുന്നതുവരെ പാലിച്ചിരിക്കേണ്ടതാണ്.

12. പരിശോധനയ്ക്കായി ഉടമസ്ഥൻ സൗകര്യങ്ങൾ നൽകണമെന്നത്.—ഇൻസ്പെക്ടറോ, 14-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളോ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പ്രവേശിക്കുന്ന ഒരു സ്ഥലത്തിന്റെ ഓരോ ഉടമസ്ഥനും ആ വകുപ്പിൻകീഴിൽ അങ്ങനെയുള്ള ഇൻസ്പെക്ടർക്കോ ആളിനോ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഏത് ചുമതലയും നിർവ്വഹിക്കാൻ കഴിയുന്നത്ര എല്ലാ

സൗകര്യങ്ങളും അങ്ങനെയുള്ള ഇൻസ്പെക്ടർക്കോ ആളിനോ നൽകേണ്ടതും അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ അങ്ങനെയുള്ള പരിശോധനയ്ക്കായി ഇൻസ്പെക്ടർക്കോ അങ്ങനെയുള്ള ആൾക്കോ മാർഗ്ഗനിർദ്ദേശം നൽകാൻ പ്രാപ്തിയുള്ള, ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷന്റെ സ്ഥാപിക്കലിനോ കൂട്ടിച്ചേർക്കലിനോ മാറ്റം വരുത്തലിനോ അറ്റകുറ്റപ്പണിക്കോ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ ആളിന്റെയോ അങ്ങനെയുള്ള ആളിന്റെ പ്രതിനിധിയുടെയോ, അതതുസംഗതിപോലെ, വ്യക്തിപരമായ സാന്നിദ്ധ്യം അങ്ങനെയുള്ള പരിശോധനയ്ക്കായി ഉറപ്പുവരുത്തേണ്ടതുമാണ്.

13. <u>അപകടങ്ങൾ റിപ്പോർട്ട് ചെയ്യൽ.</u>—ഒരു ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിക്കുമ്പോൾ ജീവൻ നഷ്ടപ്പെടുകയോ നഷ്ടപ്പെടാൻ ഇടയായേക്കാവുന്നതോ അല്ലെങ്കിൽ പരിക്ക് പറ്റുകയോ ചെയ്യുന്ന തരത്തിൽ ഏതെങ്കിലും അപകടം ഉണ്ടാകുകയാണെങ്കിൽ, ആ സ്ഥലത്തിന്റെയോ ഇൻസ്റ്റലേഷന്റെയോ ഉടമസ്ഥൻ ആ അപകടത്തിനുശേഷം, എത്രയും വേഗം സംഭവത്തെക്കുറിച്ചും അതിലുണ്ടായ അങ്ങനെയുള്ള നഷ്ടമോ പരിക്കോ ഉൾപ്പെടെയുള്ള അപകടത്തിന്റെ മുഴുവൻ വിശദാംശങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഇൻസ്പെക്ടർക്കും സ്ഥലത്തെ അധികാരിതയുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും അതുകൂടാതെ ജില്ലാ മജിസ്ട്രേട്ടിനോ ഇതിനായി സർക്കാർ ഉത്തരവിലൂടെ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ നൽകേണ്ടതും ലിഫ്റ്റ് അഥവാ എസ്കലേറ്റർ ഇൻസ്റ്റലേഷനിൽ യാതൊരുവിധത്തിലും ഇടപെടാൻ പാടില്ലാത്തതും അങ്ങനെയുള്ള ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്തനം ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പുനഃരാരംഭിക്കാൻ പാടില്ലാത്തതുമാണ്.

14. <u>ഇൻസ്പെക്ടറെ സഹായിക്കുന്നതിനായുള്ള ആളുകൾ.</u>—(1) സർക്കാരിന് ഇൻസ്പെക്ടറെ സഹായിക്കുന്നതിനായി ആവശ്യമുള്ളിടത്തോളം, സാങ്കേതികവും മറ്റ് തരത്തിലുള്ള നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതയുള്ളതുമായ അത്രയും എണ്ണം ആളുകളെ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ആളുകളുടെ അധികാരങ്ങളും ചുമതലകളും മറ്റു സേവന ഉപാധികളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

15. <u>ശിക്ഷ.</u>—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളോ, ഇൻസ്പെക്ടറോ, 14-ാം വകുപ്പിൻ കീഴിൽ അദ്ദേഹത്തെ സഹായിക്കാൻ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആളോ നൽകിയ ഉത്തരവിലേയോ ലൈസൻസിലേയോ അനുമതിയിലേയോ ഉപാധികളും വ്യവസ്ഥകളും ലംഘിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ മുതൽ പതിനായിരം

രൂപവരെ ആകാവുന്ന പിഴയും അങ്ങനെയുള്ള കുറ്റസ്ഥാപനത്തിനുശേഷവും ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ അധിക പിഴയും മുപ്പത് ദിവസത്തിനു ശേഷവും ലംഘനം തുടരുന്ന പക്ഷം മൂന്ന് മാസക്കാലയളവുവരെ ആകാവുന്ന തടവു ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

16. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത് കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചിരുന്നതും കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ഉത്തരവാദിത്തമുള്ളതുമായ ഏതൊരാളും ആ കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ചുള്ള നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അഥവാ കമ്പനിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അഥവാ അശ്രദ്ധമൂലമോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുകയും ചെയ്യുന്നതായാൽ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അഥവാ അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ചുള്ള നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാകുന്നു.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) 'കമ്പനി' എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനകളോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു ഫേമിനെ സംബന്ധിച്ച് ഡയറക്ടർ എന്നാൽ ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

17. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റവും, കുറ്റകൃത്യം നടന്നതായി ഇൻസ്പെക്ടർക്ക് അറിവുകിട്ടി മൂന്നു മാസത്തിനകം അധികാരികതയുള്ള ഇൻസ്പെക്ടർ സമർപ്പിക്കുന്ന ഒരു പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

18. നോട്ടീസുകൾ, ഉത്തരവ്, രേഖകൾ എന്നിവ നൽകൽ.—(1) ഈ ആക്റ്റിനാലോ അതിൻപ്രകാരമോ ആവശ്യപ്പെടുന്നതോ സംബോധന ചെയ്യപ്പെടേണ്ടതാണെന്ന് അധികാരപ്പെടുത്തിയതോ ആയ എല്ലാ നോട്ടീസും ഉത്തരവും മറ്റ് രേഖകളും സ്ഥലത്തിന്റെ ഉടമസ്ഥന്റെ ശരിയായ മേൽവിലാസത്തിൽ (സ്ഥലപ്പേര് സഹിതം) ആണെന്ന് കരുതപ്പെടേണ്ടതും തപാൽ മുഖേനയോ അഥവാ,—

(എ) മേൽവിലാസക്കാരൻ ഒരു തദ്ദേശ അധികാരസ്ഥാനമാണെങ്കിൽ, ആ തദ്ദേശ അധികാരസ്ഥാനത്തിന്റെ കാര്യാലയത്തിൽ;

(ബി) മേൽവിലാസക്കാരൻ ഒരു കമ്പനിയാണെങ്കിൽ, ആ കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസോ അല്ലെങ്കിൽ, ആ കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസ് ഇന്ത്യയിൽ അല്ലാത്തപക്ഷം, ഇന്ത്യയിൽ ആ കമ്പനിയുടെ മുഖ്യ പ്രവർത്തനം നടക്കുന്ന സ്ഥലത്ത്;

(സി) മേൽവിലാസക്കാരൻ മറ്റേതെങ്കിലും ആളാണെങ്കിൽ അയാൾ പതിവായി ഉണ്ടായിരുന്നതോ അവസാനമായി അറിയപ്പെട്ടതോ ആയ വാസസ്ഥലത്തോ അല്ലെങ്കിൽ അയാളുടെ പ്രവർത്തനസ്ഥലത്തോ;

നേരിട്ടോ നൽകേണ്ടതുമാണ്.

19. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിനാലോ അതിൻകീഴിലോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് യാതൊരാളിനും എതിരെ യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

20. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന്, വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു ഉത്തരവിലൂടെ ആവശ്യമെന്നോ യുക്തമെന്നോ അവർ കരുതുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അപ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

21. ഒഴിവാക്കൽ.—ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

22. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സമാന്യതയ്ക്ക് ഭംഗം വരാതെയും താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് അങ്ങനെയുള്ള ചട്ടങ്ങളിൽ, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും വിശിഷ്ട വിവരണങ്ങളും;

(ബി) ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള പ്ലാനുകൾ സമർപ്പിക്കേണ്ട രീതിയും;

(സി) ലിഫ്റ്റുകളും എസ്കലേറ്ററുകളും പരിശോധിക്കേണ്ട രീതിയും;

(ഡി) ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള അനുമതിക്കും അങ്ങനെയുള്ള ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിനും വേണ്ടിയുള്ള അപേക്ഷാഫാറവും;

(ഇ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട പൂർത്തിയാക്കൽ റിപ്പോർട്ടിന്റെ ഫാറവും;

(എഫ്) ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്തനത്തിന് അനുമതി നൽകുന്ന ലൈസൻസിന്റെ ഫാറവും അതിനുള്ള ഉപാധികളും വ്യവസ്ഥകളും നിയന്ത്രണങ്ങളും അങ്ങനെയുള്ള ലൈസൻസിനു നൽകേണ്ടുന്ന ഫീസും;

(ജി) ഏതു രീതിയിലും ഏത് ഉപാധികൾക്ക് വിധേയമായുമാണ് ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കേണ്ടതെന്നും;

(എച്ച്) അപകടങ്ങളെ സംബന്ധിച്ച് നോട്ടീസ് നൽകേണ്ട രീതിയും;

(ഐ) അപകടങ്ങളെ സംബന്ധിച്ച് 13-ാം വകുപ്പ് പ്രകാരം നൽകേണ്ട നോട്ടീസിന്റെ ഫാറവും;

(ജെ) അപ്പീൽ സമർപ്പിക്കേണ്ട ഫാറവും രീതിയും;

(കെ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യവും.

23. ചട്ടങ്ങൾ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണെന്ന്.—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

24. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ് (2013-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, 2012 ജൂലൈ 23-ാം തീയതി മുതൽ 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ് (2012-ലെ 51) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയായ 2012 ആഗസ്റ്റ് 21-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

GOVERNMENT OF KERALA

**Law (Legislation-F) Department**

NOTIFICATION

No. 22812/Leg. F1/2011/Law. *Dated, Thiruvananthapuram, 24th April, 2013 / 4th Vaisakha, 1935.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Lifts and Escalators Act, 2013 (18 of 2013).

By order of the Governor,

C. K. Padmakaran,

*Special Secretary (Law).*

[Translation in English of the "2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ്" published under the authority of the Governor.]

**ACT 18 OF 2013**

THE KERALA LIFTS AND ESCALATORS ACT, 2013

*An Act to provide for the regulation of the erection, maintenance and safe working of Lifts and Escalators and all machinery and apparatus pertaining thereto in the State of Kerala and for matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for the regulation of the erection, maintenance and safe working of Lifts and Escalators and all machinery and apparatus pertaining thereto in the State of Kerala and for matters connected therewith or incidental thereto;

BE it enacted in the Sixty-fourth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Lifts and Escalators Act, 2013.

(2) It shall be deemed to have come into force on the 1st day of March, 2012.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "escalator" means a power driven continuous moving stairway used for transporting passengers up and down in short inclined distances and includes a travelator;

*Explanation*:—For the purpose of this clause, "power" means electrical energy or any other forms of energy which is mechanically transmitted and is not generated by human or animal energy;

(b) "escalator installation" includes the escalator, the track, the trusses or girders, the balustrade, the step treads and landings and all chains, wires and plant, directly connected with the operation of the escalator;

(c) "Government" means Government of Kerala;

(d) "Inspector" means the Electrical Inspector appointed by State Government under sub-section (1) of section 162 of the Electricity Act, 2003 (Central Act 36 of 2003), who has territorial jurisdiction over the place of installation of a lift or escalator;

(e) "licence" means licence granted under section 4;

(f) "lift" means a hoisting mechanism designed to carry passengers or goods or both and equipped with a car which move in a substantial vertical direction and is worked by power, but does not include a hoist or lift to which the Factories Act, 1948 (Central Act LXIII of 1948) applies;

*Explanation*:—For the purpose of this clause, "power" means electrical energy or any other forms of energy which is mechanically transmitted and is not generated by human or animal energy;

(g) "lift car" means the cage or car of a lift and includes the floor or platform, car frame slings and enclosing body work;

(h) "lift installation" includes the lift car, the lift way, the lift way enclosure and the operating mechanism of the lift and all ropes, cables, wires and plant, directly connected with the operation of the lift.

(i) "prescribed" means prescribed by rules made under this Act;

(j) "Rules" means rules made under this Act;

(k) "owner" includes,—

(i) a lessee,

(ii) a licensee,

(iii) a mortgagee in possession; and

(iv) any person or authority to whom or to which the possession of, and control over the affairs of the place in which a lift has been erected and work has been entrusted, whether such person or authority is called a managing trustee, an agent, a correspondent, manager, superintendent, secretary or by any other name whatsoever.

3. *Permission to erect lifts and escalators.*—(1) No owner of a place shall, on and after the commencement of this Act, erect a lift or escalator in such place except under, and in accordance with a permission granted under this Act.

(2) Every application for permission to erect a lift or escalator shall be made in writing to the Inspector in such form and specifying such particulars and accompanied by such fees as may be prescribed.

(3) On receipt of an application under sub-section (2), the Inspector may, after making such enquiry as he deems necessary, either grant or refuse to grant permission. Every permission granted shall be in such form and subject to such terms and conditions as may be prescribed and shall be valid for a period of one year from the date on which it is granted:

Provided that in case a lift or escalator is not erected within the specified period, the period for permission to erect the lift or escalator may be extended for one more year on an application stating sufficient reasons.

(4) Every owner of a place who is granted permission under sub-section (3) shall, within one month after the completion of the erection of such lift or escalator, send a report of completion to the Inspector in such form as may be prescribed.

(5) Where the Inspector refuses to grant permission under sub-section (3), he shall give reasons in writing for such refusal.

4. *Licence for working lifts and escalators.*—(1) No owner of a place shall work or cause to be worked or allow the working of any lift or escalator in such place except under and in accordance with a licence.

(2) Every application for a licence under sub-section (1) shall be made to the Inspector in such form and shall be accompanied by such fees as may be prescribed.

(3) On receipt of an application under sub-section (2), the Inspector, after making such inspection and enquiry as he deems necessary, may, either grant or refuse the licence.

(4) Every licence granted under sub-section (3), shall be in such form and subject to such terms and conditions as may be prescribed.

(5) Every licence granted under sub-section (3), shall be valid for a period of one year from the date on which it is granted and shall be renewed annually after an inspection and on payment of such fees as may be prescribed.

(6) Where the Inspector refuses to grant licence under sub-section (3), he shall give reasons in writing for such refusal.

5. *Provision in respect of existing lifts and escalators.*—(1) Notwithstanding anything contained in this Act but subject to the provisions of sub-section (2), every owner of a place in which a lift or escalator has been erected and is being worked immediately before the commencement of this Act, may continue the working of such lift or escalator at such place.

(2) Every person entitled to continue the working of a lift or escalator under sub-section (1), shall not continue the working of such lift or escalator after such period as may be prescribed, unless he obtains a licence under section 4 in respect of such lift or escalator.

(3) Every application for a licence under sub-section (2), shall be in such form and shall be accompanied by such fees, as may be prescribed.

6. *Renewal.*—(1) Every application for the renewal of a licence granted under this Act shall be made not less than three months before the date of expiry of the period of such licence.

(2) The provisions of the Act shall, as far as may be, apply in relation to the renewal of a licence as they apply in relation to the grant of a licence under section 4.

7. *Power to cancel or suspend licence.*—(1) The Inspector may, after giving the holder of a licence an opportunity of being heard, cancel or suspend the licence if he has any reasonable cause to believe,—

(i) that such licence has been obtained by misrepresentation or fraud; or

(ii) that the licensee has contravened or failed to comply with any of the provisions of this Act or the rules made thereunder or any of the terms and conditions of the licence; or

(iii) that the licensee has contravened or failed to comply with, an order passed under this Act or the rules made thereunder; or

(iv) that the lift or escalator, as the case may be, can no longer be safely worked for the purpose, for which the licence was granted:

Provided that the Inspector may, if he is satisfied that any licence granted under this Act is liable to be cancelled, pending cancellation of the licence and for reasons to be recorded in writing, suspend any licence.

(2) The Inspector may, either *suo motu* or on an application, review any order passed under sub-section (1),—

(i) on the basis of a mistake or error apparent on the face of the record; or

(ii) on the basis of new facts brought to his notice after the order was made; or

(iii) for any other sufficient reasons:

Provided that the Inspector shall not pass an order under this sub-section prejudicial to any person unless such person has been given a reasonable opportunity of being heard.

8. *Addition to or alteration of lift and escalator installation.*—No addition or alteration, other than those required to be made under sub-section (2) of section 10, shall be made to any lift or escalator installation except with the previous permission in writing of the Inspector.

9. *Erection, addition or alteration work of lift and escalator installation to be entrusted to competent persons.*—No owner, erecting, adding to or altering a lift or escalator installation, shall entrust the work to any person other than the manufacturer of such lift or escalator or to a company of Electrical and Mechanical Engineers approved by the Inspector.

10. *Power of entry.*—(1) The Inspector or any person appointed under sub-section (1) of section 14 to assist him may, at any time after giving reasonable notice to the owner, enter upon any place in which a lift or escalator is erected or is being worked or in connection with which an application for a permission under section 3 or a licence under section 4 has been received, for the purpose of inspecting the site, the erection of lift or escalator installation, as the case may be. The person appointed under section 14 to assist the Inspector shall, after making such inspection, send a report regarding the condition of the lift or escalator installation inspected, to the Inspector for taking action under this Act.

(2) If on such inspection the Inspector is satisfied that any lift or escalator installation in any place is in an unsafe condition, he may, by order in writing, direct the owner of the place to carry out such repairs or alterations to such lift or escalator as he may deem necessary, within such time as may be

specified therein and may if necessary, also direct that the working of such lift or escalator be discontinued until such repairs or alterations, as specified in the order, are made. The owner shall thereupon comply with any such direction within the period specified therein and shall forthwith report in writing to Inspector, his compliance with such direction.

11. *Appeal.*—(1) Any person aggrived by the refusal of permission to erect a lift or escalator under sub-section (5) of section 3 or by the refusal of application for licence under sub-section (6) of section 4 or by an order issued under sub-section (2) of section 10, may prefer an appeal before the appllate authority as may be prescribed in such form, manner and within such time as may be prescribed.

(2) Any direction for the discontinuance of the working of a lift or escalator under sub-section (2) of section 10 shall be complied with until such direction is stayed by the appellate authority.

12. *Owner to give facilities for inspection.*—Every owner of a place which is entered upon in pursuance of sub-section (1) of section 10 by the Inspector or the person appointed under section 14 shall afford every reasonable facility to such Inspector or person to perform any function which such Inspector or person is authorised under that section to perform and shall, at his own cost, procure at such inspection, the attendance of the person, if any, to whom the work of erection, addition, alteration or maintenances of the lift or escalator installation has been entrusted or a representative of such person, as the case may be, who is competent to guide the Inspector or the person, in the inspection.

13. *Report of accidents.*—Where any accident occurs in the working of any lift or escalator which results in or is likely to result in loss of life or injury, the owner of the place or installation shall, as soon as may be, after such accident, give notice of the occurrence and of any such loss or injury together with full details of accident in such form as may be prescribed, to the Inspector and the Station House Officer of the Police Station have jurisdiction over the place and also to the District Magistrate or such other Officer as the Government may by order specify in this behalf and the lift or escalator installation shall not be interfered with in any way and the working of such lift or escalator shall not be resumed except with the written permission of the Inspector.

14. *Persons to assist the Inspector.*—(1) The Government may appoint such number of technical and other persons, as may be necessary and possessing such qualifications as may be prescribed, to assist the Inspector.

(2) The powers and functions and other terms and conditions of service of persons appointed under sub-section (1) shall be such as may be prescribed.

15. *Penalty.*—Whoever contravenes any of the provisions of this Act or the rules made thereunder or the terms and conditions of a permission or of a licence or a direction given by the Inspector or any person appointed under section 14 to assist him, shall on conviction be punishable with a fine of five thousand rupees which may extend to ten thousand rupees and in case of continuing contravention, with a further fine which may extend to five hundred rupees for every day during which such contravention is continued after such conviction and in case such contravention is being continued even after thirty days be punished with imprisonment for a period which may extend to three months.

16. *Offences by Companies.*—(1) Where an offence punishable under this Act has been committed by a company, every person who, at the time the offence was committed, was in charge of, and was responsible to the company for the conduct of the business of the company as well as the company, shall be deemed to be guilty of the offence and shall be liable to be proceeded against and punished accordingly.

(2) Notwithstanding anything contained in sub-section (1), where any offence under this Act has been committed by a company and it is proved that the offence has been committed by a company and it is proved that the offence has been committed with the consent or connivance of or is attributable to any neglect on the part of, any director, manager, secretary or other officer of the company, such director, manager, secretary or other officer shall also, be deemed to be guilty of that offence and shall be liable to be proceeded against and punished accordingly.

*Explanation:*—For the purposes of this section,—

(a) "company" means any body corporate and includes a firm, or other associations of individuals; and

(b) "director" in relation to a firm, means a partner in the firm.

17. *Cognizance of offences.*—No court shall take cognizance of any offence punishable under this Act except upon a complaint made by the Inspector having jurisdiction, within three months from the date of commission of the offence came to the knowledge of the Inspector.

18. *Service of notices, order or documents.*—(1) Every notice, order or other document required or authorised to be addressed by or under this Act shall be deemed to be properly addressed to the owner of the place (naming the place) and may be served by post or left,—

(a) where a local authority is the addressee, at the office of the local authority;

(b) where a company is the addressee, at the registered office of the company or, in the event of the registered office of the company not being in India, at the principal place of business of the company in India; and

(c) where any other person is the addressee, at the usual or last known place of abode or business of the person.

19. *Protection of action taken in good faith.*—No suit, prosecution or other legal proceedings shall lie against any person for anything which is done in good faith or intended to be done by or under this Act.

20. *Power to remove difficulties.*—If any difficulty arises in giving effect to the provisions of this Act, the Government may, by an order published in the Gazette, make such provisions not inconsistent with the provisions of this Act, as appear to them to be necessary or expedient for removing the difficulty.

21. *Saving.*—Nothing contained in this Act shall affect the provisions of the Electricity Act, 2003 (Central Act 36 of 2003).

22. *Power to make rules.*—(1) The Government may, by notification in the Gazette, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Act.

(2) In particular and without prejudice to the generality of the foregoing power, such rules may provide for all or any of the following matters, namely:—

(a) specifications for lift and escalators;

(b) the manner in which erection plans of lifts and escalators shall be submitted;

(c) the manner in which lifts and escalators may be tested;

(d) the form of application for permission for the erection of lift and escalators and a licence for working such lifts and escalators;

(e) the form of report of completion to be sent under sub-section (4) of section 3;

(f) the terms and conditions and restrictions subject to which and the form in which the licence may be granted for the working of lifts and escalators and the fees to be paid in respect of such licence;

(g) the manner in which and the terms subject to which the lifts and escalators shall be worked;

(h) the manner in which notice of accidents shall be given;

(i) the form of notice of accidents to be given under section 13;

(j) the form and manner to file appeal; and

(k) any other matter which is to be, or may be prescribed.

23. *Rules to be placed before the Legislative Assembly.*—Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

24. *Repeal and saving.*—(1) The Kerala Lifts and Escalators Ordinance, 2013 (20 of 2013) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance, shall be deemed to have been done or taken under this Act:

Provided that no person shall be convicted of an offence alleged to have committed under the provision of this Act during the period from 23rd July, 2012 to 21st August, 2012, the date of publication of the Kerala Lifts and Escalators Ordinance, 2012 (51 of 2012) in the Gazette.